LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വരൾച്ചകൊണ്ട് ഉണങ്ങി നശിച്ച കാർഷിക വിളകൾ പുതിയതായി വച്ചു പിടിപ്പിച്ചാലും ഫലം കിട്ടണമെങ്കിൽ 5 വർഷക്കാലം കാത്തിരിക്കണം. കർഷകരെ സംബന്ധിച്ച് വാങ്ങിയ കടങ്ങൾക്ക് ഒരു മോറട്ടോറിയം പ്രഖ്യാപിച്ച് പലിശയിളവ് കൊടുത്തില്ലെങ്കിൽ ജീവിച്ചു പോകാൻ ബുദ്ധിമുട്ടുണ്ടാകും. അതുപോലെതന്നെ ഷെഡ്യൂൾഡ് ബാങ്കുകൾ ഇക്കാര്യത്തിൽ ഇതുവരെ യാതൊരു ആനുകൂല്യവും നൽകാതിരിക്കുന്ന സാഹചര്യം ഉണ്ട്. ഈ രണ്ടു കാര്യങ്ങളിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പരിഗണനയുണ്ടാകണം.

ശ്രീ. എ. കെ. ആന്റണി : ഷെഡ്യൂൾഡ് ബാങ്കുകളുടെ പ്രശ്നം ഞാൻ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് മീറ്റിംഗിൽ ഉന്നയിച്ചിട്ടുണ്ട്. അവർ ഈ കാര്യത്തിൽ പ്രത്യേകമായ നടപടി സ്വീകരിക്കും എന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് 1 വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പലിശയിളവും പിഴപ്പലിശ ഇളവും എല്ലാം ഒരു വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്. കാർഷിക കടങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്ക് തന്നെ ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ, പലിശയിളവ് ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. മാത്രമല്ല, ഒരു വർഷത്തെ ഇടവേളയ്ക്കുള്ളിൽ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി ഷെഡ്യൂൾഡ് ബാങ്കുകളെക്കൊണ്ടും മറ്റ് ബാങ്കുകളെക്കൊണ്ടും മറ്റു സ്ഥാപനങ്ങളെക്കൊണ്ടും കൃഷിക്കാർക്ക് സഹായകരമായ കൂടുതൽ നടപടികൾ സ്വീകരിപ്പിക്കാൻ സാധിക്കും. ഒരു വർഷത്തെ സാവകാശം ഉണ്ട്. ഇന്നത്തേക്കാൾ കൂടുതൽ ആശ്വാസ നടപടികൾ ഒരു വർഷത്തിനുള്ളിൽ തീർച്ചയായും കാർഷിക മേഖലയിൽ പൊതുവിൽ ഉണ്ടാകും. ആ അവസരത്തിൽ വയനാടിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യും എന്നാണ് എനിക്ക് പറയാനുള്ളത്.

III. സബ്മിഷൻ

(1) ബാങ്കുകളിൽ നിന്ന് വായ്പ എടുത്തവർക്ക് മോറട്ടോറിയം ആനുകൂല്യം ലഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാന്യമായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് കാർഷിക കടങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു എന്നാണ്. ഇപ്പോൾ കേന്ദ്രത്തിൽ മൻമോഹൻ സിംഗ് ഗവൺമെന്റും രണ്ടുവർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്നു. പക്ഷേ ഫലത്തിൽ ഈ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് നിയന്ത്രിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ദേശസാൽക്കൃത ബാങ്കുകൾ, ഇതെല്ലാം പോകട്ടെ, കേരളത്തിലെ സഹകരണ ബാങ്കുകൾപോലും ഈ ആനുകൂല്യം കൊടുക്കുന്നില്ല. കണ്ണൂർ ജില്ലയിൽ മാർക്സിസ്റ്റു പാർട്ടി നിയന്ത്രിക്കുന്ന കൊട്ടിയൂർ സഹകരണ ബാങ്ക്, കേളകം സഹകരണ ബാങ്ക്, ചെട്ടിയാംപീടിക സഹകരണബാങ്ക് തുടങ്ങിയവപോലും മോറട്ടോറിയം ആനുകൂല്യം നൽകാതെയിരിക്കുകയാണ്. സി.പി.എം. നിയന്ത്രിക്കുന്ന കൊട്ടിയൂർ സഹകരണ ബാങ്ക് കേസ് കൊടുത്തു. ശ്രീ. സെബാസ്റ്റ്യൻ ജയിലിലാണ്, എന്റെ മണ്ഡലത്തിലെ കരുവഞ്ചാലിൽ ഗ്രാമീൺ ബാങ്ക് കേസ് കൊടുത്തതിന്റെ പേരിൽ അവിടെ റോയി സെബാസ്റ്റ്യൻ ഒരാഴ്ചയായി

ജയിലിൽ കഴിയുകയാണ്. ദയവായിട്ട് ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങളുടെ പ്രയോജനം കൃഷിക്കാർക്ക് ലഭിക്കണം. ബാങ്കുകൾക്ക് വേണമെങ്കിൽ റവന്യൂ റിക്കവറി നടത്താം. സിവിൽ കേസെടുത്ത് കൃഷിക്കാരെ അറസ്റ്റ് ചെയ്യിച്ച് ജയിലിലാക്കുന്ന പ്രവണത അവസാനിപ്പിക്കണം. സംസ്ഥാനതല ബാങ്കുകളുടെ കൺസൾട്ടേറ്റീവ് ഡേറ്റാ യോഗകാര്യം ബഹു. മുഖ്യമന്ത്രി പറഞ്ഞു. ദയവായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സഹകരണ ബാങ്കുകളും അതിനുപുറമേ ദേശസാൽകൃത ബാങ്കുകളും സർക്കാരിന്റെ മറ്റു ബാങ്കുകളും നൽകിയില്ലെങ്കിൽ കൃഷിക്കാർ ആകെ പ്രയാസത്തിലാകും.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നിർബന്ധമായും നൽകുന്നതിനുള്ള നിർദ്ദേശം സഹകരണ ബാങ്കുകൾക്ക് ഗവൺമെന്റ് നൽകുന്നതാണ്. അതോടൊപ്പംതന്നെ ദേശസാൽകൃത ബാങ്കുകൾ മറ്റ് ഷെഡ്യൂൾഡ് ബാങ്കുകൾ ഇവയുടെ ഭാഗത്തുനിന്ന് സർക്കാർ സ്വീകരിച്ചതിന് സമാനമായ നിലപാടുകൾ സ്വീകരിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പരമാവധി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് മീറ്റിംഗിലും ഈ പ്രശ്നം ഉന്നയിച്ചു. അവർ ഇക്കാര്യത്തിൽ പരമാവധി സഹായിക്കും. അവർക്ക് അതിനുള്ള ഡയറക്ഷൻ കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന്റെകൂടെ ഒരു പുതിയ ഭാഗ്യം ഉണ്ടായിരിക്കുന്നു. കേരളത്തിൽ നിന്നുള്ള ശക്തൻമാരായ ഇടതുപക്ഷ എം. പി.-മാർ കൂടിയുണ്ട്, പാർലമെന്റ് സമ്മേളനം തുടങ്ങുകയാണ്. അവരുടെ കൂടെ സമ്മർദ്ദത്തിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് ഇതിൽ കൂടുതൽ സഹായകരമായ നിലപാട് സ്വീകരിക്കും. 18 പേരുടെ പിൻതുണയോടുകൂടി സംസ്ഥാന ഗവൺമെന്റ് കൂട്ടായി പരിശ്രമിച്ച് പാർലമെന്റ് സമ്മേളനകാലത്ത് നമുക്കും സംസ്ഥാന ഗവൺമെന്റിനും ഭരണകക്ഷി എം.പി.-മാർക്കും ശ്രമിക്കാം. ഞങ്ങളുടെ ഇത്രയും കാലത്തെ ശ്രമം ദുർബലമായി എന്നല്ലേ നിങ്ങളുടെ ആക്ഷേപം. ഇപ്പോൾ നിങ്ങൾ വന്നതോടുകൂടി, നമ്മൾ ഒന്നിച്ചു പിൻതാങ്ങുന്ന ഗവൺമെന്റിനെക്കൊണ്ട്, സി. എം. പി. ഇപ്പോൾ നിങ്ങൾ എല്ലാ ദിവസവും ഉയർത്തിപ്പിടിക്കുന്നുണ്ട്—അവരെക്കൊണ്ട് കൃഷിക്കാരുടെ കാര്യത്തിൽ വളരെ അനുകൂലമായ നിലപാട് അടുത്തയാഴ്ച തന്നെ എടുപ്പിക്കാം. അതിന് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(2) കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, പ്രകൃതിക്ഷോഭംമൂലം കണ്ണൂർ ജില്ലയുടെ പല ഭാഗത്തും പല തവണകളിലായി കർഷകർക്ക് കനത്ത നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളത് എരമംകുറ്റൂർ പഞ്ചായത്തിലാണ്. കുറ്റൂർ വില്ലേജിലെ ഏറ്റവും നല്ല റബ്ബർ പാൽ ഉൽപ്പാദിപ്പിക്കുന്ന ആയിരക്കണക്കിന് റബ്ബർ മരങ്ങളാണ് തകർന്നുപോയിട്ടുള്ളത്. റബ്ബറിന്റെ ഇന്നത്തെ വിലയുംകൂടി കണക്കിലെടുത്തുകൊണ്ട് നാശനഷ്ടങ്ങൾ സംഭവിച്ചാൽ കിട്ടിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ തുക വർദ്ധിപ്പിക്കണം. എരമംകുറ്റൂർ പഞ്ചായത്തിലെ കുറ്റൂർ വില്ലേജിൽ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള നൂറ് കണക്കിന് കൃഷിക്കാരുണ്ട്. ആ കൃഷിക്കാർക്ക് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly